• **പരിചയം**

**എഴുത്തും വായനയും അറിയാത്ത മത്തായിച്ചേട്ടൻ. പക്ഷെ മരങ്ങൾ മനുഷ്യന്റെ നിലനിൽപ്പിന് അത്യാവശ്യമാണെന്ന എല്ലാവരും മറന്നുകൊണ്ടിരിക്കുന്ന വലിയ പാഠം മത്തായിച്ചേട്ടന് നന്നായി അറിയാം. കോട്ടയം ജില്ലയിലെ മലയോല ഗ്രാമത്തിലെ ലക്ഷം വീട് കോളനിയിൽ താമസിക്കുന്ന മത്തായിച്ചേട്ടനിൽനിന്നും ഈരാട്ടുപേട്ടയിലും തീക്കോയിലും ഒക്കെ പൂത്തുലഞ്ഞനിൽക്കുന്ന മത്തായിമരങ്ങളിൽനിന്നും നമുക്ക് ഏറെ പഠിക്കാനുണ്ട്.**

# മത്തായിച്ചേട്ടൻ കിഴക്കിന്റെ പൊക്കുടൻ

അഡ്വ. ജോർജ്കുട്ടി കടപ്ലാക്കൽ



'തണുത്ത പൂന്തൽ വീശി പടർന്നു ചൂഴ്ന്നു നില്ക്കും മരത്തിന്റെ തിരുമുടിക്കിതാ തൊഴുന്നേൻ'

എന്നു തുടങ്ങുന്ന സുഗതകുമാരിക്കവിതയോ.

'ഒരു ആലും ഒരു വേപ്പും ഒരു പേരാലും പത്തു പുളിയും മൂന്നു വിളാർ മരവും കൂവളവും മൂന്ന് നെല്ലിയും അഞ്ച് മാവും അഞ്ച് തെങ്ങും നട്ടുണ്ടാക്കിയാൽ അവനു നരകമില്ല' എന്നു പഠിപ്പിക്കുന്ന നീതിസാരശ്ലോകമോ മത്തായിച്ചേട്ടൻ വായിച്ചിട്ടില്ല. എങ്കിലും മത്തായിച്ചേട്ടൻ 1984 മുതൽ മരങ്ങൾ നട്ടു. തീക്കോയി-ഈരാറ്റുപേട്ട റോഡിനിരുവശത്തുമായി അനേകം വൃക്ഷത്തൈകൾ നട്ട് പരിപാലിച്ച മത്തായിച്ചേട്ടന് മരങ്ങൾ മനുഷ്യന് ഉപകാരികളെന്നറിയാം. ആഗോളതാപനത്തെക്കുറിച്ചോ, ഓസോൺ പാളികളിലെ വിള്ളലുണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചോ മത്തായിച്ചേട്ടൻ ബോധവാനല്ല. എങ്കിലും മനുഷ്യന്റെ നിലനില്പ്പിന് മരങ്ങൾ അത്യന്താപേക്ഷിതമാണെന്ന കാര്യത്തിൽ അദ്ദേഹത്തിന് സംശയമില്ല. അതുകൊണ്ട് തീക്കോയി സ്കൂളിന് സമീപം പടലമാക്കൽ ലക്ഷംവീട് കോളനിയിൽ താമസക്കാരനായ മത്തായിച്ചേട്ടൻ കൂലിപ്പണിക്കുശേഷം വൃക്ഷത്തൈ നട്ടു നനച്ചു. മത്തായി നട്ട മരങ്ങൾ മത്തായി മരങ്ങളെന്ന് അറിയപ്പെട്ടു. മരങ്ങൾ നട്ട മത്തായി മരം മത്തായിയുമായി. പക്ഷേ യഥാസ്ഥിതികരായ ഭൂരിപക്ഷ ജനത്തിനും മത്തായി കിറുക്കനായിരുന്നു. മത്തായിച്ചേട്ടനെ അംഗീകരിക്കാൻ ആരും കൂട്ടാക്കിയില്ല. പൂത്തുലഞ്ഞ മത്തായി മരങ്ങൾക്ക് പല കാരണങ്ങളും പറഞ്ഞ് വധശിക്ഷ വിധിച്ചവരും കുറവല്ല.

എഴുതാനറിയില്ലെങ്കിലും വായിക്കാനറിയാവുന്ന മത്തായിച്ചേട്ടൻ വർത്തമാന പത്രങ്ങൾ പതിവായി വായിക്കുന്നു. തീക്കോയി പീപ്പിൾസ് ലൈബ്രറി 4 രൂപ ശമ്പളത്തിന് അടയ്ക്കുകയും തുറക്കുകയും ചെയ്തിരുന്ന കാലത്ത് പുസ്തകങ്ങൾ വായിച്ചിരുന്നതായി അദ്ദേഹം പറയുന്നു.

കൂലിപ്പണിയെടുത്ത് ഉപജീവനം കഴിച്ചുപോന്ന മത്തായിച്ചേട്ടൻ രോഗബാധിതനായതിനെ തുടർന്ന് ആക്രി സാധനങ്ങൾ പെറുക്കിവിറ്റാണ് ജീവിച്ചുപോന്നത്. ഇപ്പോൾ അതിനും പറ്റാതായിരിക്കുന്നു. നിസ്വാർത്ഥ സേവനത്തിന്റേയും പരിസ്ഥിതി സംരക്ഷണത്തിന്റെയും മാതൃകയായ മത്തായിച്ചേട്ടന് യാതൊരു അംഗീകാരവും ലഭിച്ചിട്ടില്ല. എങ്കിലും അദ്ദേഹം ഇപ്പോഴും മരങ്ങൾ വച്ചുപിടിപ്പിച്ച് വളർത്തുന്നു. വേനലിൽ വെള്ളം കോരി നനയ്ക്കുന്നു. മറ്റുള്ളവർക്ക് തണലേകാനായി, തനിക്ക് തണലന്യമാണെന്നറിഞ്ഞിട്ടും...!


With best compliments from

CENTRE FOR POST GRADUATE STUDIES

P.G. Centre

North Bus Stand
Thrissur - 20
Ph : 2338983, 6950675
e-mail:pgcentre.tsr@gmail.com